പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1564

03.05.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഗതാഗതക്കുരുക്കും അപകടങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി.ജോർജ്ജ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ റോഡുകളിൽ ആവശ്യത്തിന് ട്രാഫിക് പോലീസുകാർ ഇല്ലാത്തതു മൂലം ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടായി ജനം നട്ടം തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ട്രാഫിക് പോലീസുകാരുടെയും ഹോം ഗാർഡുകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കി വരുന്നുണ്ട്. |
| (ബി) | എല്ലാ പ്രധാന റോഡുകളിലും ജംഗ്ഷനുകളിലും കൂടുതൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) (സി) (ഡി) | വർദ്ധിച്ചു വരുന്ന വാഹനങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ കേരളത്തിൽ ഗതാഗത നിയന്ത്രണത്തിന് വേണ്ടത്ര ട്രാഫിക് പോലീസുകാർ ഇല്ലെന്നത് വസ്തുതയാണ്. എന്നിരുന്നാലും തിരക്കേറിയ കവലകളിലും മറ്റ് പൊതുസ്ഥലങ്ങളിലും പ്രത്യേക ആഘോഷങ്ങൾ നടക്കുന്ന വേളകളിലും ട്രാഫിക് പോലീസിനു പുറമേ ലോക്കൽ സ്റ്റേഷനുകളിൽ നിന്നും ബറ്റാലിയനുകളിൽ നിന്നും ട്രാഫിക് നിയന്ത്രണത്തിന് പോലീസ് സേനാംഗങ്ങളെ വിന്യസിക്കാറുണ്ട്. ഗതാഗതക്കുരുക്കും വാഹന അപകടങ്ങളും കുറയ്ക്കുന്നതിലേയ്ക്കായി വാഹന അപകടങ്ങളുടെ അന്വേഷണ ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് മാറ്റി ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കൈമാറുന്നതിനും |
| (സി) | ട്രാഫിക് പോലീസുകാർ കുറവാണെങ്കിൽ പുതിയ ക്രമീകരണം നടപ്പാക്കുമോ ; | | |
| (ഡി) | പുതിയ ട്രാഫിക് പരിഷ്ക്കരണം നടപ്പാക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | | |

| | | | |
|---|---|---|---|
| | | | തുടർന്ന് ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും യൂണിറ്റുകളേയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി മാറ്റുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു. |
| (ഇ) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ മാരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഗതാഗത കുരുക്കുകളുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ ആവശ്യത്തിന് ട്രാഫിക് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ